

**രാമർഗുരു മെമ്മോറിയൽ**

**എയുപി സ്കൂൾ ,മലപ്പട്ടം**

# അക്കാദമിക് മാസ്റ്റർപ്ലാൻ

**2025-26**

മലപ്പട്ടം ഗ്രാമത്തിൽ തലമുറകൾക്ക് വിദ്യാദീപം തെളിയിച്ച ഈ വിദ്യാലയം സ്ഥാപിച്ചത് യശഃശരീരനായ ശ്രീ. രാമഗുരുവാണ്. ബ്രിട്ടീഷ് ഗവൺമെന്റ് മലബാറിൽ അംഗീകരിച്ച് 24 സ്കൂളുകളിൽ ഇരിക്കൂർ ഉപജില്ലയിലെ ഒന്നാമത്തെ വിദ്യാലയവും ഇതാണ്. മണലും നാരായവും എഴുത്തോലയുമായി തുടങ്ങിയ എഴുത്തുപള്ളിക്കൂടം പണ്ഡിതരും ഋഷിതുല്യരുമായ ഗുരുക്കന്മാരിൽ അനുഗ്രഹീതമായിരുന്നു. ആരംഭിച്ച വർഷം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും 1887ൽ ഇത് എലിമെന്ററി സ്കൂൾ ആയി മാറി. 1958ൽ ഈ വിദ്യാലയം അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തി. അവിടുന്ന് ഇങ്ങോട്ട് 64 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇപ്പോൾ എൻ കെ മീനാക്ഷിയാണ് സ്കൂൾ മാനേജർ.

മലപ്പട്ടത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഈ വിദ്യാലയം വഹിച്ച പങ്ക് അനിഷേധ്യമാണ്. അറിവിന്റെ ആദ്യാക്ഷരം നുകർന്ന് ഇവിടെ നിന്നും പതിനായിരങ്ങൾ പടിയിറങ്ങിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച ഒട്ടനവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. നിലവിൽ എൽപി യു.പി വിഭാഗത്തിൽ ഉം ആകെ 140 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഹെഡ്മിസ്ട്രസ് (1), സഹ അധ്യാപകർ (11), ഓഫീസ് അറ്റൻഡർ (1) ഉൾപ്പെടെ 13 പേർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഒരു പാചക തൊഴിലാളിയും ഇവിടെ ജോലി ചെയ്യുന്നു. സ്കൂളിന് സ്വന്തമായി ഒരു ബസ് ഉണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് ഇത് ഏറെ സഹായകരമാണ്. സ്കൂളിൽ പത്ത് ക്ലാസ് മുറികൾ, ഓഫീസ് റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം, ലാബ്, പാചകപ്പുര, ആൺകുട്ടികൾക്കും പെൺകുട്ടികളും പ്രത്യേകം മൂത്രപ്പുര, മൂന്നു ടോയ്‌ലറ്റുകൾ, ചെറിയൊരു കളി സ്ഥലം എന്നിവ നിലവിലുണ്ട്. കൂടാതെ എൽകെജിക്ക് 2020ൽ നല്ലൊരു കെട്ടിടവും, ചെറിയൊരു പൂന്തോട്ടവും ഉണ്ട്. വൈജ്ഞാനിക-സഹ വൈജ്ഞാനിക മേഖലകളിൽ കൂടുതൽ മുന്നേറ്റം നടത്തുന്നതിന് സമൂഹത്തിന്റെ ഇടപെടലും സഹകരണവും കരുതലും ഇനിയും ആവശ്യമാണ്.

## നേട്ടങ്ങൾ

കഴിഞ്ഞ വർഷം 11 യുഎസ് എസും, 2എൽ.എസ്.എസും നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മുഴുവൻ അധ്യാപകരും അവരവരുടെ ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികളുടെയും ഗൃഹസന്ദർശനം നടത്തി പഠന പ്രവർത്തനങ്ങൾ ഓൺലൈനിൽ ചിട്ടയായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഠന സൗകര്യങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ട എല്ലാവർക്കും സമൂഹത്തിന്റെ സഹകരണത്തോടെ ആവശ്യമായ പഠന സാമഗ്രികൾ (മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്. വാട്സപ്പ് ഗ്രൂപ്പ്, ഗൂഗിൾ മീറ്റ്, ഡിജിറ്റൽ മാഗസിൻ തുടങ്ങിയ നൂതന സങ്കേതങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ അധ്യാപകരോടൊപ്പം പിടിഎ, മാതൃസമിതി കമ്മിറ്റികളും പഠന പ്രവർത്തനങ്ങളുടെ നിർവഹണത്തിൽ ഏറെ സഹായിച്ചിട്ടുണ്ട്.

നന്നായി പ്രവർത്തിക്കുന്ന പിടിഎ, എംപിടിഎ കമ്മിറ്റികൾ ഈ സ്ഥാപനത്തിന്റെ മുതൽ കൂട്ടാണ്.

## പരിമിതികൾ

- വിദ്യാലയ പരിധിയിലെ മുഴുവൻ കുട്ടികളെയും നമ്മുടെ വിദ്യാലയത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല.
- സ്കൂൾ പരിസരം ഇനിയും കൂടുതൽ ആകർഷകമാക്കേണ്ടതുണ്ട്.
- കായിക രംഗത്ത് കൂടുതൽ നിലവിലെത്തേണ്ടത് ആവശ്യമാണ്.
- കലാ-കായിക-ശാസ്ത്ര മേളകളിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കാൻ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്.

# വിഷൻ

**നൈസർഗികമായ "സർഗ്ഗവാസനകളും പാരമ്പര്യമായി ലഭിച്ച എല്ലാ അറിവുകളും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുമായി സമന്വയിപ്പിച്ച് നാടിന്റെ നന്മ ലക്ഷ്യമാക്കിയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമഗ്ര പുരോഗതി ഉച്ചസ്ഥായിലെത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.**

**അക്കാദമിക മികവാണ് വിദ്യാലയ മികവ്**

**പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠന നേട്ടങ്ങൾ ഏറ്റവും സമഗ്രവും ലളിതവും ആസ്വാദ്യകരവുമായി പഠിതാക്കളിൽ എത്തിക്കുക, അവരെ കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ് അക്കാദമിക മികവ്. ഇതോടൊപ്പം**

**കല, സാഹിത്യം, കായികം, സാംസ്കാരികം തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ മികവിലേക്ക് എത്തിക്കുന്നതിനും സാധിക്കേണ്ടതുണ്ട്. മൂല്യബോധമുള്ള പൗരന്മാരായി ഓരോ കുട്ടിയെയും വളർത്തിയെടുക്കാനുള്ള ചുമതലയും വിദ്യാലയത്തിനുണ്ട് .**

**വിവിധ സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് വരുന്നവർ, സാമ്പത്തികമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരും, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും കൂടി ഉൾച്ചേർന്ന സമൂഹത്തിന്റെ കൊച്ചുപതിപ്പാണ് നമ്മുടെ വിദ്യാലയം. ഇവർക്കെല്ലാം അവരുടെ കഴിവിന്റെ പരമാവധിയിൽ എത്തിച്ചേരുന്നതിനുള്ള സാഹചര്യം ഒരുക്കികൊടുക്കുമ്പോഴാണ് നമ്മുടെ അക്കാദമിക മികവ് അതിന്റെ പൂർണ്ണതയിൽ എത്തുന്നത്.**

# ഉപസംഹാരം

**നമ്മുടെ വിദ്യാലയത്തിലേക്ക് കടന്നുവരുന്ന മുഴുവൻ കുട്ടികൾക്കും പരമാവധി അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനും അവരുടെ സർഗ്ഗവാസനകൾ വികസിപ്പിക്കുന്നതിനും കായിക ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരെ പൗരന്മാരായി വളരുന്നതിന് ആവശ്യമായ അന്തരീക്ഷം സ്കൂളുകൾ ഒരുക്കുമെന്ന പ്രകൃതി സ്നേഹികളും ശുചിത്വബോധമുള്ളവരും പരിസ്ഥിതി സംരക്ഷകരും ഉത്തമ പ്രതിജ്ഞയോടെ മലപ്പട്ടം ആർ.ജി.എം. എ.യു.പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുജന സമക്ഷം സമർപ്പിക്കുന്നു.**

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികൾക്കും മലയാളം അക്ഷരം ഉറപ്പിക്കൽ | 1, 2 ക്ലാസ് വിദ്യാർത്ഥികൾ | ലഘുവാക്കുകൾ നിർമ്മാണം, അക്ഷരക്കാർഡ് ഉപയോഗിച്ച് വാക്കുകൾ നിർമാണം, ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്യങ്ങളിലേക്ക്, ചിത്രകഥകൾ, ലഘു കഥകൾ വായന, ടെസ്റ്റുകൾ, ടേം മൂല്യനിർണയം, പരിഹാരബോധനം | ജൂൺ - മാർച്ച് | 1, 2 ക്ലാസ് അധ്യാപികമാർ | SSA-1000 |
| 2 | മാതൃഭാഷ കൃത്യമായി എഴുതാനും വായിക്കാനും സാധിക്കൽ | 3, 4,5 ക്ലാസ് വിദ്യാർത്ഥികൾ | വ്യത്യസ്ത വ്യവഹാര രൂപങ്ങൾ, പാഠപുസ്തക വായന, ക്ലാസ് ലൈബ്രറി, പുസ്തക വായന, പത്ര വായന, വരികൾ കൂട്ടിച്ചേർക്കൽ, സർഗാത്മക രചനകൾ, (കഥ,കവിത), കത്ത്,നിവേദനം തയ്യാറാക്കൽ, ബാലസാഹിത്യം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന, വീട്ടു വായന | ജൂൺ - മാർച്ച് | 3, 4,5 ക്ലാസ് അധ്യാപികമാർ | SSA-1000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | എൽ പി വിദ്യാർഥികൾക്ക് സ്ഥാനവില, ടാർജറ്റ് ഗ്രൂപ്പ്, മനക്കണക്ക് എന്നിവ ഉറപ്പിക്കൽ | 1-5 | ഗണിതകേളികൾ, സംഖ്യാ കാർഡ്, സ്ഥാനവില പോക്കറ്റ് ഉപയോഗം, ചതുഷ്ക്രിയകളുടെ ആവർത്തനം, മാർച്ച്, ചതുഷ് ക്രിയകൾ, സംഖ്യാബോധം, സങ്കലന- ഗുണന പട്ടിക പഠനം,പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം, ഗണിത പാറ്റേൺ, ഐസിടി സാധ്യതകൾ | ജൂൺ-മാർച്ച് | 1-5അധ്യാപകർ | SSA-1000 |
| 4 | ഇംഗ്ലീഷ് ഭാഷ ശേഷി വർദ്ധിപ്പിക്കൽ | 1-5 ക്ലാസ്സിലെ എല്ലാ കുട്ടികളും | അക്ഷരക്കാർഡ് ഉപയോഗിച്ചുള്ള പദനിർമ്മാണം, കേട്ടെഴുത്ത്, ചിത്രങ്ങൾ ഉപയോഗിച്ച് വിവരണങ്ങൾ തയ്യാറാക്കൽ, കുട്ടികളും ഡിക്ഷണറി ഉപയോഗിച്ച് പുതിയ വാക്കുകളുടെ അർത്ഥം കണ്ടെത്തൽ. കോപ്പിയെഴുത്ത്, പാഠഭാഗങ്ങളുടെ നാടക ദൃശ്യാവിഷ്കാരം, ക്ലാസിൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ പരമാവധി പ്രോത്സാഹിപ്പിക്കൽ, ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ, ഇംഗ്ലീഷ് സ്റ്റോറി ബുക്ക് വായന, ഇ- ലൈബ്രറി, ലാംഗ്വേജ് ലാബ് വൊക്കാബുലറി പദസമ്പത്ത് | ജൂൺ-മാർച്ച് | എൽപി, യുപി ഇംഗ്ലീഷ് അധ്യാപകർ | SSA-1000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | പരിസ്ഥിതി പഠനം, ശാസ്ത്രാഭിരുചി വളർത്തൽ | 1-5 | ലഘുപരീക്ഷണത്തിൽ ഏർപ്പെടൽ, പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, പരിസര നിരീക്ഷണം, ഫീൽഡ് ട്രിപ്പ്, സയൻസ് കോർണർ, ലൈബ്രറി - ശാസ്ത്ര പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ, ഐ സി ടി അധിഷ്ഠിത പഠനം, പാഴ്വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്ര മാതൃകകളുടെ നിർമ്മാണം, ശാസ്ത്രപ്രദർശനം സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | 1-5 വിഭാഗം, അധ്യാപകർ | SSA-1000 |
| 6 | എൽ എസ് എസ് ഉയർന്ന വിജയം നേടൽ | 4-ക്ലാസ് വിദ്യാർത്ഥികൾ | പരമാവധി കുട്ടികളെ മുഴുവൻ A ഗ്രേഡിൽ എത്തിച്ച് എൽ എസ് എസ് പരീക്ഷയ്ക്ക് ഒരുക്കൽ, പ്രത്യേക പരിശീലനം, റഫറൻസ് പുസ്തകങ്ങളുടെ വിനിയോഗം, മാതൃക പരീക്ഷകൾ സംഘടിപ്പിക്കൽ, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ - ഫെബ്രുവരി | 4 ക്ലാസ് അധ്യാപിക | SSA-1000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 7 | വായന പ്രോത്സാഹനം, പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | എല്ലാ കുട്ടികളും | ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകങ്ങൾ ആനുകാലികങ്ങൾ കുട്ടികളും ക്ലാസിൽ ലഭ്യമാക്കൽ, പ്രതിവാര പ്രശ്നോത്തരി, വിജയികൾക്ക് സമ്മാനം | ജൂൺ - ഫെബ്രു | ക്ലാസ് ലീഡർമാർ. അധ്യാപികമാർ | പൂർവ്വ വിദ്യാർഥികൾ 5000x4 |
| 8 | കുട്ടികളുടെ കലാസാഹിത്യ വാസന കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ, ആത്മവിശ്വാസത്തോടെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | എല്ലാ കുട്ടികളും | മുഴുവൻ ആഴ്ചയിലൊരിക്കൽ ക്ലാസിൽ ബാലസഭ ചേരൽ, സ്കൂൾ കലോത്സവം സംഘടിപ്പിൽ | ജൂൺ - ഡിസംബർ | SRG | PTA-2000 |
| 9 | ഒന്നാം ക്ലാസ് ഒന്നാമതാക്കൽ | ഒന്നാം ക്ലാസ് വിദ്യാർത്ഥികൾ | ചുമർചിത്രങ്ങൾ കൂടുതൽ ആകർഷകമാക്കൽ, ക്ലാസ് ലൈബ്രറി ഒരുക്കൽ, ഫർണിച്ചർ ആകർഷകമാക്കൽ | ഏപ്രിൽ- മെയ് | മാനേജ്മെന്റ്, എസ്ആർജി, പിടിഎ | 10000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 10 | മുഴുവൻ അധ്യാപകരെയും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ ടി ഉപയോഗത്തിലും കൂടുതൽ പ്രാപ്തരാക്കുക | മുഴുവൻ അധ്യാപകരും | വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പരിശീലനം നൽകൽ | മെയ് | എസ് എസ് എ എസ് ആർജി | എസ്എസ്എ എസ് ആർജി 6000 |
| 11 | മാതൃഭാഷ തെറ്റ് കൂടാതെ കൈകാര്യം ചെയ്യാനുള്ള ശേഷി നേടാൻ | 1-5 ക്ലാസ്സിലെ എല്ലാ കുട്ടികളും | പ്രീ ടെസ്റ്റ്, എഴുത്ത്, വായന, ചിത്ര വായന, ഐസിടി സാധ്യത ഉപയോഗിച്ച് എഴുത്തിൽ മുഴുവൻ താല്പര്യമുണർത്തൽ, ലൈബ്രറി കുട്ടികളും പുസ്തക വായന, ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, മികച്ച വായനയ്ക്ക് സമ്മാനം നൽകൽ, നല്ല വായനാ അവതരണം, അസംബ്ലിയിൽ മികച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തൽ (വായന കുറിപ്പ് ), പത്രവാർത്തകൾ തയ്യാറാക്കൽ, ചുമർ പത്രിക നിർമ്മാണം, കഥാപാത്ര നിരൂപണം, താരതമ്യക്കുറിപ്പ്, കത്തെഴുതൽ, നിവേദനം തയ്യാറാക്കൽ, വായനാനുഭവം പങ്കുവെക്കൽ, ആൽബം, പതിപ്പ് | മെയ് | എസ് എസ് എ ,എസ് ആർ ജി | എസ് ആർ ജി, മലയാളം അധ്യാപകർ |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 12 | ഗണിത പഠനം ആസ്വാദ്യകര മാക്കൽ | യു പി വിദ്യാർത്ഥി കൾ | ഗണിത ശില്പശാല, ഗണിതലാബ്, ഐസിടി ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കൽ, പ്രശ്നാപഗ്രഥന ശേഷി -വിശകലന ചോദ്യങ്ങളുടെ നിർദ്ധാരണം ചെയ്യൽ, കുട്ടികളിലൂടെ ഗണിത പഠനം പ്രോത്സാഹിപ്പിക്കൽ, വിദഗ്ധരുടെ ക്ലാസുകൾ, മനക്കണക്ക്, കുസൃതി കണക്ക്, ജ്യാമതീയ രൂപങ്ങൾ എന്നിവയിലൂടെ ക്ലാസിൽ ഒരു ക്ലോക്കിന്റെ കണക്കുകൾ സംഖ്യ ചക്രം, ഗണിതത്തിൽ താല്പര്യമുണർത്തൽ, യൂണിറ്റ് ടെസ്റ്റ്, പരിഹാരബോധനം | ജൂൺ - ഫെബ്രു | ഗണിത അധ്യാപകർ, എസ് ആർ ജി | പിടിഎ എസ്എസ്എ |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 13 | ഇംഗ്ലീഷ് ഭാഷയിൽ ലിസണിങ്ങ്, സ്പീക്കിംഗ്, റീഡിംഗ്, റൈറ്റിംഗ് തുടങ്ങിയ അടിസ്ഥാന ശേഷികൾ എത്തിക്കൽ | 5,6,7 മുഴുവൻ വിദ്യാർത്ഥി കളും | Riddles, puzzles, ward piramid, chain ward, jumbled, letters-word games 'English through games Games through English' പലവിധ കളികളിലൂടെ ഇംഗ്ലീഷ് പഠനം ആസ്വാദ്യകരവും അനായാസവും ആക്കി മുഴുവൻ കുട്ടികൾക്കും ഭാഷാ പഠനത്തിൽ പ്രാവീണ്യം നേടാനുള്ള പ്രവർത്തനം, പദസമ്പത്ത് (vocabulary), വർദ്ധിപ്പിക്കാനുള്ള കർമ്മ പദ്ധതികൾ, ഡിക്ഷ്ണറിയുടെ ഉപയോഗം കാര്യക്ഷമമമാക്കാൻ ഐസി ടി സി സാധ്യതകൾ ഉപയോഗിച്ച് ഇംഗ്ലീഷ് കറക്ട് പ്രൊനൗൺസേഷൻ കേൾക്കാനും പഠിക്കാനുള്ള അവസരം സൃഷ്ടികൾ, പാഠഭാഗത്തെ അടിസ്ഥാനമാക്കി സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കൽ, കമ്മ്യൂണിറ്റി ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം, വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ. ഇംഗ്ലീഷ് ഡേ, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ലാബ്, ലാംഗ്വേജ് ലാബ് | ജൂൺ - ഫെബ്രു | യുപി ഇംഗ്ലീഷ് അധ്യാപകർ | PTA-1000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 14 | ശാസ്ത്രത്തി<br><br>ന്റെ രീതി ബോധ്യമാക്കി കുട്ടികൾക്ക് ശാസ്ത്രബോധം വളർത്തുക, മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുക, സ്വയം നിരീക്ഷണത്തിലൂടെ ചുറ്റുപാടുകളെ അറിയാനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പ്രാപ്തരാക്കുക | 5,6,7 മുഴുവൻ വിദ്യാർത്ഥികളും | പരീക്ഷണം, നിരീക്ഷണം, അപഗ്രഥനം, നിഗമനത്തിൽ എത്തിച്ചേരൽ കുട്ടികളും തുടങ്ങിയ ശാസ്ത്രത്തിന്റെ രീതികളിലൂടെ പാഠഭാഗം വിനിമയം ചെയ്യൽ, ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പരീക്ഷണത്തിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ.<br><br>ശാസ്ത്ര ലാബ് നവീകരിക്കുക<br><br>ഫീല്ഡ് ട്രിപ്പ്, പഠനയാത്ര ,<br><br>ഇടപെടുന്ന പരിസര നിരീക്ഷണം ഇവയിലൂടെ പരിസ്ഥിതിയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനു അവസരം ഒരുക്കുക | ജൂൺ - മാർച്ച് | യുപി ശാസ്ത്ര അധ്യാപകർ | പിടിഎ<br><br>എസ്എസ്എ<br><br>എസ് ആർ ജി |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 15 | സാമൂഹ്യശാസ്ത്ര പഠനം<br><br>സാമൂഹ്യബോധം വളർത്തുന്നതിന്, മാനവികതയും ദേശീയബോധവും വളർത്തി ഉത്തമ പൗരന്മാർ ആയി വളർത്തുക. പ്രപഞ്ചത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, | 5,6,7 മുഴുവൻ വിദ്യാർത്ഥികളും | ഐസിടിയുടെ ഉപയോഗത്തിലൂടെ മനുഷ്യന്റെ വികാസ ചരിത്രം തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനം. ഭരണഘടന, കടമകൾ, അവകാശങ്ങൾ ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തൽ. അറ്റ്ലസ്, മാപ്പ് എന്നിവയുടെ ഉപയോഗം പരിശീലിപ്പിക്കൽ. സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കൽ. ഉൽപ്പന്ന പ്രദർശനം.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റുകൾ അവതരിപ്പിക്കൽ. ചരിത്രമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ. സെമിനാർ, കത്തെഴുത്ത് മാസിക, പ്രാദേശിക ചരിത്രം നിർമ്മാണം, അഭിമുഖങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | യുപി സാമൂഹ്യ<br><br>ശാസ്ത്ര അധ്യാപകർ | എസ്എസ്എ<br><br>2000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 16 | രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി പഠനത്തിന് അടിത്തറ ഒരുക്കുകയും, ഹിന്ദി അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിച്ച് വാക്കുകളും വാക്യങ്ങളും എഴുതുവാനും വായിക്കുവാനും കുട്ടികളെ പ്രാപ്തരാക്കൽ. | 5,6 | അക്ഷര കാർഡുകൾ ഉപയോഗിച്ച് പദ നിർമ്മാണം, വാക്യ നിർമ്മാണം, പദകേളി എന്നീ പ്രവർത്തനങ്ങൾ. കോപ്പി എഴുത്തിലൂടെ കയ്യെഴുത്ത് നന്നാക്കൽ, ഗ്രാമർ പരിശീലനം. ഒന്നു മുതൽ 100 വരെ ഹിന്ദിയിൽ എഴുതുവാനും വായിക്കുവാനുള്ള പരിശീലനം, ഹിന്ദി പാഠഭാഗത്തെ ആസ്പദമാക്കി പ്രശ്നോത്തരി, പതിപ്പുകൾ, കയ്യെഴുത്തു മാസികൾ എന്നിവയുടെ നിർമ്മാണം. സുഗമ ഹിന്ദി പരീക്ഷയിൽ പരമാവധി കുട്ടികൾക്ക് പരിശീലനം. സുരീലി ഹിന്ദി പ്രവർത്തനങ്ങൾ. | ജൂൺ - ഫെബ്രു | ഹിന്ദി അധ്യാപകൻ | SSA-1000 |
| 17 | 5, 6<br><br>ഉറുദു ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് ഉറുദു ഭാഷയിൽ അടിസ്ഥാന ശേഷി ഉറപ്പിക്കൽ. | 5,6 | ഉറുദു അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ, എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന പ്രവർത്തന ങ്ങൾ സംഘടിപ്പിക്കൽ. കത്ത്, ഉറുദു പ്രശ്നോത്തരി, സംഭാഷണം സംഘടിപ്പിക്കൽ ഉറുദു വായന പ്രോത്സാ ഹിപ്പിക്കൽ, പുസ്തകങ്ങൾ പരിചയ പ്പെടുത്തൽ, കവിതകൾ, വായന കാർഡ്, | ജൂൺ - മാര്ച്ച് | യു പി ഉർദു അധ്യാപകൻ | SSA-1000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 18 | കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തൽ 1 വായനശാലകൾ വളർത്തൽ | യുപി വിദ്യാർത്ഥികൾ' | പ്രതിവാര പൊതുവിജ്ഞാന പ്രശ്നോത്തരി, വളരുന്ന പൊതുവിജ്ഞാന ഡയറി ഒരുക്കൽ പുസ്തക വായന,ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | ജൂൺ - ഫെബ്രു | എസ് ആർ ജി | എസ് ആർ ജി |
| 19 | സർഗ്ഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കൽ. | യുപി വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികളും | കയ്യെഴുത്തു മാസികകൾ തയ്യാറാക്കൽ ,ദിനാചാരണങ്ങൾ ചുമർപത്രങ്ങൾ തയ്യാറാക്കൽ വാർത്താബോർഡ് | ജൂൺ - മാർച്ച് | വിദ്യാരംഗം കലാ സാഹിത്യ വേദി ,എസ് ആർ ജി ,തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | എസ് ആർ ജി |
| 20 | സ്മാർട്ട് ക്ലാസ്റൂം ഒരുക്കൽ | മുഴുവൻ വിദ്യാർത്ഥികളും | സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ സൗകര്യം ഒരുക്കൽ | രണ്ടു വർഷം | മാനേജ്മെൻറ് , ഗവൺമെന്റ് ,എസ് എസ് എ | മാനേജ്മെൻറ് , ഗവൺമെന്റ് |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 21 | വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ | മുഴുവൻ വിദ്യാർഥികളും രക്ഷിതാക്കളും | പ്രാദേശിക അടിസ്ഥാനത്തിൽ മുഴുവൻ വിദ്യാർഥികളും വായനശാലകൾ കേന്ദ്രീകരിച്ച് കുട്ടികളും, രക്ഷിതാക്കളും, അധ്യാപകരും ഒത്തുചേരുന്ന കുടുംബ സംഗമം. ഇതിൽ കുട്ടിയുടെ പഠനനിലവാരം, പെരുമാറ്റം, ചർച്ച, പ്രോത്സാഹം നൽകൽ, എന്നിവ യോടൊപ്പം രക്ഷിതാക്കളുടെ അഭിപ്രായം രേഖപ്പെടുത്തൽ. ആശയ വിതരണം നടത്തൽ, മികവുകളുടെ അവതരണം. | ഒക്ടോബർ - നവംബർ | എസ്ആർജി, എംപിടിഎ, പിടിഎ | പിടിഎ<br>എംപിടിഎ,<br>2500 |
| 22 | പഠനയാത്ര പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് | എൽപി യുപി വിദ്യാർഥികൾ | ചരിത്ര -ശാസ്ത്ര - പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്തി പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് ലഭ്യമാക്കൽ. | ഫെബ്രുവരി | എസ്ആർജി, പിടിഎ | രക്ഷിതാക്കൾ |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 23 | ആകസ്മിക ഗൃഹസന്ദർശനം : കുട്ടികളുടെ ജീവിത സാഹചര്യങ്ങൾ വ്യക്തിപരമായി മനസ്സിലാക്കി ആശയവിനിമയം നടത്തൽ. | എൽപി, യുപി മുഴുവൻ വിദ്യാർത്ഥികളും | ഓരോ കുട്ടിയുടെ വീടുകളിലേക്കും അതാത് ക്ലാസ് അധ്യാപകർ ആകസ്മികമായി സന്ദർശനം നടത്തി ആവശ്യമായ പഠന പ്രോത്സാഹനം നൽകൽ, പഠന നിലവാരം ഉയർത്താനുള്ള ഇടപെടൽ നടത്തൽ. | ജൂലൈ ആഗസ്റ്റ് | എസ്ആർജി | |
| 24 | പഠിച്ച വിഷയങ്ങളിൽ പ്രായോഗിക അറിവ് സമ്പാദിക്കൽ | യുപി വിദ്യാർഥികൾ | ക്ലബ്ബ് പ്രവർത്തനങ്ങൾ * സയൻസ് ക്ലബ്ബ് * ലാബ് ഉപകരണങ്ങൾ പരിചയപ്പെടാനും കൈകാര്യം ചെയ്യാനും അവസരം ഒരുക്കൽ, പരീക്ഷണത്തിന് അവസരം ഒരുക്കൽ, സെമിനാർ, പഠനോപകരണ നിർമ്മാണം, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, ഗണിത ക്ലബ്ബ്, പരിസ്ഥിതി, ശുചിത്വ ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി | ജൂൺ-ഫെബ്രുവരി | ക്ലബ്ബ് ചാർജുള്ള അധ്യാപകർ, അംഗങ്ങൾ | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 25 | ക്ലാസിൽ തന്നെ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ, കുട്ടികളിൽ വായനശീലം വളർത്തൽ | സ്കൂളിലെ മുഴുവൻ കുട്ടികളും, | * എല്ലാ ക്ലാസ് റൂമിലും ലൈബ്രറി മുഴുവൻ ഒരുക്കൽ<br><br>* കുട്ടികളും റഫറൻസിനെ അവസരം ഒരുക്കുന്നു<br><br>* ക്ലാസിൽ വായനക്കൂട്ടം ഉണ്ടാക്കുന്നു. വായിച്ചെറിഞ്ഞ കാര്യങ്ങൾ പങ്കുവയ്ക്കാൻ അവസരം ഒരുക്കുന്നു<br><br>* ക്ലാസ് റൂമിൽ ന്യൂസ് പേപ്പർ, ആനുകാലികങ്ങൾ ലഭ്യമാക്കൽ. | ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ, ക്ലാസ്സ് ലൈബ്രേറിയൻ<br><br>എസ് ആർ ജി | പൂർവ്വ വിദ്യാർഥികൾ<br><br>എസ്ആർജി<br><br>50000 |
| 26 | പഠിച്ച കാര്യങ്ങൾ പരീക്ഷിച്ചറിയാൻ അവസരം ഒരുക്കൽ. | സ്കൂളിലെ മുഴുവൻ കുട്ടികളും | ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബൊരുക്കൽ. എല്ലാവർക്കും പരീക്ഷണം ചെയ്യാൻ അവസരം ഒരുക്കൽ | രണ്ടു വർഷം | പി ടി എ<br><br>എസ് ആർ ജി എസ് എസ് എ | SSA-50000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 27 | കുട്ടികളിലെ അച്ചടക്കം, കായികക്ഷമത, സഹകരണ മനോഭാവം, സംഘബോധം, എന്നിവ വളർത്തൽ. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ. ഇംഗ്ലീഷ് സംസാരിക്കാനും കേൾക്കാനും അവസരമൊരുക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളും | • സ്കൂൾ അസംബ്ലി ആകർഷകമാക്കൽ,<br>• നിശ്ചിത ദിവസം എല്ലാ ആഴ്ചകളിലും ഇംഗ്ലീഷ് അസംബ്ലി ചേരൽ (വ്യാഴാഴ്ച്ച)<br>• മാസ് ഡ്രിൽ, ഗെയിംസ് ഇവയ്ക്ക് അവസരം ഒരുക്കൽ.<br>• ലഘു വ്യായാമം ചെയ്യിക്കൽ, യോഗ പരിശീലനം | ജൂൺ- മാർച്ച് | ഹെഡ്മാസ്റ്റർ<br>ക്ലാസ് ടീച്ചർ | |